
little
KITEs

सत्यमेव जयते

ആശംസകൾ

ജി.എച്ച്.എസ്.എസ് മങ്കര യിലെ ലിറ്റിൽ

കൈറ്റസ് അംഗങ്ങൾ തയ്യാറാക്കിയ സ്മര

ണിക എന്ന മെഗസിന് എല്ലാ ആശംസകളും നേരുന്നു

ആമുഖം

1885-ൽ പ്രശസ്ത സ്വാതന്ത്ര്യ സമരസേനാനിയും നിയമജ്ഞനുമായിരുന്ന സർ. പേറ്റൂർ ശങ്കരൻനായരാണ് ഈ സരസ്വതി ക്ഷേത്രത്തിന് തുടക്കം കുറിച്ചത്. 1885-ൽ വിദ്യാലയം തുടങ്ങി. ഔദ്യോഗിക നടത്തിപ്പിനുള്ള അംഗീകാരം ജില്ലാ ബോർഡിനായിരുന്നു. 1935-ൽ സ്കൂൾ മലബാർ ജില്ലാ ബോർഡ് ഏറ്റെടുത്ത് പാല ക്കാട് താലൂക്കിലെ ഏക ഹയർ എലമെന്ററി സ്കൂളായി ഏറെ കാലം പ്രവർത്തിക്കു കയും പിന്നീട് 1857-ൽ സർക്കാർ ഏറ്റെടുത്തതിനെ തുടർന്ന് 1968-ൽ ഹൈസ്കൂ ളായി ഉയർത്തുകയും ചെയ്തു. 1998-ൽ ഹയർസെക്കന്ററി വിദ്യാലയമായി ഉയർന്നു. പി.ടി.എ.യുടെ അകമഴിഞ്ഞ പ്രവർത്തനങ്ങളും എല്ലാ രംഗങ്ങളിലുമുള്ള ശ്രദ്ധയും ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായി മാറാൻ സഹായിച്ചിട്ടുണ്ട്.

ഹൈസ്കൂൾ വിഭാഗത്തിൽ 279 വിദ്യാർത്ഥികളും 13 അധ്യാപകരും ഉണ്ട്. 2016 -17 അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി. വിജയശതമാനത്തിൽ കോങ്ങാട് നിയോജകമണ്ഡലത്തിലെ മികച്ച സ്കൂളിനുള്ള അവാർഡും മികച്ച എസ്.സി. കുട്ടി ക്കുള്ള വ്യക്തിഗത അവാർഡും മങ്കര സ്കൂളിന് ലഭിക്കുകയുണ്ടായി. 8, 9 ക്ലാസ്സുക ളിൽ പഠനനിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ശ്രദ്ധ, നവപ്രഭ എന്നീ പഠനപദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പെൺകുട്ടികളുടെ സ്വയരക്ഷയ്ക്കായി കരാട്ടെ ക്ലാസ്സും കുട്ടികളുടെ പൊതുവായ മാനസികവും ശാരീരികവുമായ ശാക്തീക രണത്തിനായി യോഗക്ലാസ്സും നടത്തിവരുന്നു.

സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും കലാകായിക പ്രവർത്തി പരിചയമേ ളകളിൽ മങ്കര സ്കൂളിലെ വിദ്യാർത്ഥികൾ സമ്മാനർഹരായിട്ടുണ്ട്. പരീക്ഷണ നിരീ ക്ഷണങ്ങളിലൂടെ നിഗമനങ്ങളിൽ എത്തിച്ചേരാനും അമൂർത്തമായ ആശയങ്ങളെ ഗ്രഹിക്കുന്നതിനും ഐ.സി.ടി. സാധ്യതകളെ പ്രയോജനപ്പെടുത്തുകയും ശാസ്ത്രപ ഠനം അതാത് ലാബുകളിൽ നടത്തുകയും ചെയ്യുന്നു. പത്താംതരത്തിലെ വിദ്യാർത്ഥി കളുടെ വിജയശതമാനം ഉയർത്തുന്നതിനായി ഊർജ്ജസ്വലമായി വിജയശ്രീ പദ്ധതി നടപ്പിലാക്കിവരുന്നു. ഞങ്ങളുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതി നായി ഞങ്ങൾ നടപ്പാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന വിഷൻ 25ന്റെ ഭാഗമായുള്ള 'ജ്യോതിർഗമയ' എന്ന 17-18 അധ്യയന വർഷത്തെ പ്രവർത്തന പദ്ധതി ഇവിടെ സമർപ്പിക്കുന്നു.

1	പ്രളയം
2	പ്രളയം(കവിത)
3	കേരളത്തെ മൂടിയ പ്രളയം
4	കേരളം കണ്ട മഹാപ്രളയം
5	പ്രളയം (കഥാരചന)
6	പ്രളയം(ഉപന്യാസം)
7	പ്രളയം(കഥാരചന)
8	പ്രളയം(വിവരണം)
9	മലയാള ചെറുകഥ
10	പ്രളയം(കവിത)
11	പ്രളയം(കവിത)

പ്റളയം

മനുഷ്യൻ ചെയ്യുന്ന

പ്രകൃതിമേലുള്ള ക്രൂരത കാരണം വന്നതാണ് പ്രളയം മനുഷ്യർ മാലിന്യങ്ങളും മറ്റു ചപ്പുചവറുകളും പുഴിലേക്ക് വലിച്ചെറിഞ്ഞു അതിന് പകരനായി പ്രക്രതി ഈ അവശിഷ്ട്ങ്ങളെല്ലാം തിര്ച്ചു നൽകി പ്രളയം ഒരു ഭീകര

സംഭവമായിരുന്നു.
ഇതിനോടൊപ്പം ഉരുൾപ്പൊട്ടലും
ഉണ്ടാവുമായിപുന്നു ലക്ഷത്തിൽ പരം
ആളുകൾക്ക് അവരുടെ
സംബത്തുകൾ
നഷ്ടമായി.ദാരാളംനാശനഷ്ടട്ടങ്ങൾ
ഉണ്ടായി. എന്നാൽ ഈ കൊടും-
വിഭത്തിൽനിന്ന് കുറച്ച് പേരുമാത്രമേ
രക്ഷപ്പെട്ടിട്ടുള്ളു.കേരളം നേരിട്ട ഒരു
വലിയ പ്രശ്നമാണ്
പ്രളയം.ഫാക്ടറികളിൽ നിന്ന് വരുന്ന
അഴുക്ക് വെള്ളം ,മനുഷ്യരുടെ
ക്രൂരപ്രവർത്തികളും
,അത്യാഗ്രഹങ്ങളുമാണ് കേരളത്തെ
ഈ കൊടും വിപത്തിന്

ഇരയാക്കിയത്.
ഇത് മൂലം ദാരാളം
നാശനഷ്ടങ്ങൾ,ഒത്തിരി
ജീവൻ.കുരുന്നുന്നകൾ ഇവരാണ് ഈ
പ്രളയത്തിന്ഇരയായത്
.മനുഷ്യരുടെ ക്രൂരതയിൽ കേരളം
പ്രളയത്തിന് ഇരയായി.എന്നിട്ടും
മനുഷ്യരുടെ
അത്യാർതീതിരുന്നില്ല.
പ്രകൃത്തിക്ക് മേലുള്ള ക്രൂരത
ഇനിയും നിർത്തിയില്ലെങ്കിൽ
പ്രകൃത്തിക്ഷോഭം ഉറപ്പാണ് ഇത്
തടയണമെങ്കിൽ മനുഷ്യർ
സത്യംതിരിച്ചറിയണം അവരുടെ
ക്രൂരത കാരണമാണ് ഇത്തറയും

സംബവിച്ചതെന്ന് അവർ
മനസ്സിലാക്കണം. മനുഷ്യർ
പ്രകൃത്തിക്ക് യെതിരായതൊന്നു
ചെയരുത് പ്രകൃതിയെ
സംരക്ഷിക്കാനാണ് ശ്രമിക്കേണ്ടത്
മാലിന്യങ്ങളും പ്ലാസ്റ്റിക്ക്
പോലയുള്ള വസ്തുക്കളും ഭൂമിയിൽ
നിക്ഷേഭിക്കാതെ നോക്കണം.
ജലം,മണ്ണ്,വായു ഇവയെല്ലാം
മലിനമാകുന്നതിൽ നിന്ന് തടയണം
കുന്നുകൾ
ഇടിച്ചുനിരപ്പാക്കുന്നു
,നന്ദി,തടാകങ്ങൾ,പുഴകൾ
എന്നിങ്ങനെയുള്ള
ജലസ്രോദസ്സുകളിൽ നിന്ന് മണൽ

വരുന്നു. ഫാക്ട്ടറികളിൽ നിന്ന് വരുന്നു പുക,പ്ലാസ്റ്റിക്ക് പോലെയുള്ള വസ്തുക്കശുടെ നിക്ഷേപണം ഇവയെല്ലാം തടഞ്ഞാൽ നമ്മുക്ക് ഈ ദുരന്തത്തിൽ നിന്ന് രക്ഷനേടാൻ സാധിക്കിം.

പ്രളയം (കവിത)

പ്രളയം വന്നൊരു നാടാണേ
കഠിന ഹൃദയത്തിൻ
നാടാണെ
സങ്കടത്തിൽപ്പെട്ട
നാടാണെ

കേരളം ഒരമ്മ ചൂടായെ
നോവിൻ സങ്കടം തോരാതെ

എങ്ങുമെങ്ങും സങ്കടം

നോവിൻ ഹൃദയം തളരാതെ

എങ്ങുമെങ്ങും പരിശ്രമം

മനുഷ്യരെല്ലാം സങ്കടത്തിൽ

കമത്ത മഴയും അപകടങ്ങളും

എങ്ങുമെങ്ങും പരക്കുന്നു

അപകടത്തിൽ ചിലരുടെ

ജീവൻ തന്നെ നഷ്ടപെടുന്നു

അപകടങ്ങൾ ഓരോന്നായി

പലസ്ഥലത്തും പരകുന്നു

പലപലകൃഷികളും

നശിക്കുന്നു

പലപലസ്ഥലങ്ങളും

മുങ്ങുന്നു

സ്വന്തം ജീവൻ വകനവെക്കാതെ

മറ്റുള്ളവരെ രക്ഷിക്കുന്നു

ഉരുൾ പൊട്ടൽ,മണ്ണിടിച്ചൽ

എത്രയെത്ര ദുരന്തങ്ങൾ

കേരളം ഒരു സങ്കടദ്വീപിൽ

കേരളം ഒരമ്മചൂടായ്

സങ്കടം പരക്കുന്നു

കേരളത്തെ മൂടിയ

പ്രളയം

ഇന്ന് കേരളത്തിലുമാനം ചർച്ച ചെയ്തു കൊണ്ടിരിക്കുന്ന വിഷയമാണ് മഴക്കെടുതിയും,പ്രളയനാശനഷ്ടങ്ങളും.ഒരു പുലരിയിൽ നല്ലൊരു മഴ കണ്ട് ആഹ്ലാദിച്ചു കേരളജനതയെ ദുഃഖത്തിന്റെ പടുകുഴിയിലാഴ്ത്തുകയാണ് പിന്നിട് സംഭവിച്ചത്.എന്നാൽ ഇതിനുമുമ്പ് ഇങ്ങനെയൊരു പ്രളയമുണ്ടായത് 1924-ൽ ആയിരുന്നു.ആ പ്രളയത്തെ നാം 99-തിലെ പ്രളയം എന്നാണ് വിശേഷിപ്പിക്കുന്നത് .പ്രളയം സംഭവിച്ച് ഒരു

മാസത്തിലേറെ കഴിഞ്ഞെങ്കിലും ഇപ്പോഴും പ്രളയത്തിന്റെ നിഴലുകൾ കേരളത്തെ മൂടിയിരിക്കുന്നു.ഓണവും-പെരുന്നാളും ഒത്തൊരുമിച്ച് ദുരിതാശ്വാസക്യാമ്പുകളിൽ കഴിഞ്ഞുകൂടി കേരളത്തിന്റെ ഒത്തൊരുമയെ ഒന്നുകൂടി ശക്തിപ്പെടുകയും ഈ പ്രളയത്തിന്റെ ഒരു ഫലമാണ്.എന്നാലും കേരള ജനതയുടെ മനസ്സിൽ ഇപ്പോഴും മായാതെ നിൽക്കുന്ന ചില ചോദ്യങ്ങളുണ്ട്.

പ്രളയം:കാരണങ്ങൾ

അപ്രതിക്ഷിതമായി ഇങ്ങനെയൊരു പ്രളയം മുന്നിൽ കണ്ട മലയാളികൾ ആദ്യം ചിന്തിച്ചത് പ്രളയം കഴിഞ്ഞു എന്ന് ആശ്വസിക്കുന്നതിനുമുമ്പ് തീർച്ചയായും നാം ഇതിന്റെ കാരണം വിശകലനം ചെയ്യേണ്ടതുണ്ട്.പ്രളയം കൂടുതൽ ബാധിച്ചു ജില്ലകൾ പത്തനംത്തിട്ട,എറണാകുളം എന്നിവയാണ്.ഇങ്ങനെ നാം വിശകലനം ചെയ്യുമ്പോൾ ആലോചിക്കേണ്ട കാര്യം എന്താണെന്നാൽ കേരളത്തിൽ എറ്റവും കൂടുതൽ പണികഴിപ്പിച്ച് എന്നാൽ ആൾത്താമസമില്ലാതെ ഒഴിഞ്ഞുകിടക്കുന്ന വീടുകളുള്ളത് പത്തനംതിട്ട ജില്ലയിലാണ്.ഒരു പക്ഷേ,മലയാളികളുടെ അഹങ്കാരം തന്നെയാണ് ഈ പ്രളയത്തിനു കാരണം എന്നു

പറയാം.ആകാശം മുട്ടുന്ന മണിമാളികകൾ പണികഴിപ്പിച്ച് അതെല്ലാം പൂട്ടിയിട്ടുമ്പോൾ മണ്ണിലേക്കിറങ്ങഏണ്ട വെള്ളം ഒലിച്ചിറങ്ങാൻ ഇടമില്ലതെ കെട്ടിക്കിടക്കുന്നു.ഈ വാദങ്ങൾ കേട്ട് തഴമ്പിച്ച് നാം ഇതൊക്കെ അറിന്നിട്ടും അറിയാത്ത മട്ടിൽ വിണ്ടും ജിവിതം തുടരുന്നു.

എറണാകുളം ജില്ലയുടെ കാര്യമാണെങ്കിൽ എല്ലാവക്കും അറിയാം. മാളുകൾ,കെട്ടിട സമുച്ചയങ്ങൾ,ഫ്ലാറ്റുകൾ വ്യവസായങ്ങൾ ഇവയെല്ലാം കൊണ്ടും 'പോഷക സമ്പുഷ്ടമായ'എറണാകുളത്തെ പ്രളയം കടിച്ചുകിറിയതെന്തു കൊണ്ടെന്ന് അധിക മാർക്കും സംശയമൊന്നുമുണ്ടാവില്ല.

ഈ രണ്ട് ജില്ലകൾ മാത്രമല്ല വയനാട്,ആലപ്പുഴ,ഇടുക്കി എന്നി ജില്ലകളിലെ പ്രളയം ശക്തിയായിരുന്നു.കേരളത്തിലെ പ്രളയത്തിലെ പ്രധാന കാരണം അലക്ഷ്യമായ കെട്ടിട നിർമ്മാണം,ശാസ്ത്രിയ മല്ലാത്ത ജിവിതവും,പ്രകൃതി ദോഷമായ ബാധിക്കുന്ന ആഡംബരങ്ങളുമാണ്.

പ്രളയം:നഷ്ടങ്ങളും

പരിഹാരങ്ങളും

പ്രളയം കൊണ്ടുവന്ന നഷ്ടങ്ങൾ ചെറുതൊന്നുമല്ല. ലക്ഷക്കണക്കിനാളുകൾക്ക് പരിക്കേൽക്കുകയും മരണപ്പെടുകയും ചെയ്തിരിക്കുന്നു.കൃഷിയിടങ്ങൾ വ്യാപകമായി നശിച്ചു.രോഗങ്ങൾ ഇപ്പോഴും പടർന്നുപിടിക്കുന്നു.പ്രളയത്താൽ തണുത്തുറഞ്ഞ

കേരളം ഇപ്പോൾ പനികൊണ്ട് ചുടുപിടിച്ചിരിക്കുകയാണ്.എത്രയാളുകളിലാണ് ദിവസം തോറും H1 N1,ഡെങ്കി,മലേരിയ...എന്നിവ സ്ഥിതീകിക്കപ്പെടുന്നത്.ഇതൊക്കെ പ്രളയം നമ്മുക്ക് തന്ന സമ്മാനങ്ങളാണ് കൂടാതെ പ്രളയത്തിനുശേഷം നമ്മുടെ മണ്ണിന്റെ ഘടനയും കൂടാതെ കാലാവസ്ഥ തന്നെ മാറിക്കഴിഞ്ഞിരിക്കുന്നു .സാമ്പത്തികമായും ,ശാരീരികമായും,മാനസികമായും കേരളത്തെ തറപ്പറ്റിച്ചിരിക്കുകയാണ് ഈ പ്രളയം.

ഇതിനു പരിഹാരം കാണണമെങ്കിൽ ജനങ്ങളും സർക്കാരും കൈ കോർത്തുനിൽക്കണം. ദുരിതാശ്വാസ നിധികൾ, സൗജന്യ ഹെൽത്ത് ചെക്കപ്പുകൾ,കൂടാതെ വിദ്യാർഥികൾക്ക് നഷ്ടപ്പെട്ട ക്ലാസുകൾ മുതലായവ തിരിച്ചു പിടിക്കാനുള്ള നടപടികൾ സർക്കാർ ആവിഷ്കരിക്കണം. പ്രളയ സമയത്ത് ആളുകളെ രക്ഷിക്കാൻ കാണിച്ച അതേ ആവേശം ജനതയുടെ ജീവിതം പുഷ്ടിപ്പെടുത്താനും കാണിക്കണം.

പ്രളയം:മുൻകരുതലുകൾ

പ്രകൃതിയോട് മനുഷ്യൻ കാണിച്ച അവഗണനയും ക്രൂരതയും എതിരെ പ്രകൃതിയുടെ പ്രതിഷേധവും രോദനവുമാണ് ഈ പ്രളയം. എന്നാൽ ഈ

പ്രളയം കേരളത്തിന്റെ ഇനങ്ങളെ ഒരു പാഠം പഠിപ്പിക്കുന്നതാണ്.ഒരോ പരിസ്ഥിതി ദിനത്തിലും നാം പ്രതിജ്ഞയെടുക്കുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തുവാനുള്ള സമയമായി എന്നുള്ളത് ഓരോ വ്യക്തിയും മനസ്സിലാക്കണം.കാടുകൾ വെട്ടിനശിപ്പിക്കാതിരിക്കുക,പാടങ്ങൾ നികത്താതിരിക്കുക,പ്രകൃതിയെ സംരക്ഷിക്കുക എന്നീ കടമകൾ മനുഷ്യൻ നിർവഹിക്കാനുള്ള മുന്നറിയിപ്പാണ് ഈ പ്രളയം. അടുത്ത വർഷവും കാലവർഷകെടുതി കേരളത്തെ മൂടാതിരിക്കാനുള്ള ഒരുക്കങ്ങൾ ഇപ്പോൾ തന്നെ നാം ചെയ്യേണ്ടതുണ്ട്.ഒരു പ്രളയം ക്രൂടി താങ്ങാതുള്ള ശേഷി കേരളത്തിലെ ഇനങ്ങൾക്കും ക്രൂടാതെ കേരത്തിനും ഇല്ലെന്നുള്ള സത്യം മനസ്സിലാക്കി തന്നെ നാം മുന്നോറണ്ടതുണ്ട്.വിദേശ സംസ്ക്കാരങ്ങൾ നടപ്പിൽ വരുത്തതെ നമ്മുടെ സംസ്ക്കാരത്തിനനുസരിച്ച് ജീവിക്കാനുള്ളസമയം അതിക്രമിച്ചിരിക്കുന്നു. അതിനാൽ ഒരോ കേരളിയനും പ്രകൃതി സംരക്ഷണത്തിനും ഞാൻ പങ്കാളിയാവും എന്ന് പ്രതിജ്ഞയെടുക്കേണ്ടതുണ്ട്.

ഓരോ വർഷം തോറും ചെന്നൈയിൽ നടക്കുന്ന പ്രളയം നമുക്കും ഒരു സ്ഥിര

സംഭവമാവാതിരിക്കാൻ നമുക്ക് ഒരുമിച്ച് മുന്നേറാം.....

കേരളം കണ്ട മഹാപ്രളയം

പക്ഷേ അവളുടെ അനിയൻ കണ്ണ് തുറന്നില്ല.അവളുടെ നിലവിളി കേട്ട് എന്തോ മുറിയിൽ അവരെ തിരിയുന്ന അവളുടെ അമ്മയും അച്ഛനും മുകളിൽ എത്തി.മക്കളെ കണ്ടപ്പോൾ ആ മാതാപിത-ക്കൾക്ക് സന്തോഷമായി പക്ഷേ തന്റെ അമ്മയെ

കാണാൻ
ഇല്ലാത്തിനാൽ അവളുടെ അച്ഛൻ താഴെക്ക് തന്നെ
പോയി
ക്കൂടെ അവളുടെ അമ്മയും അവളുടെ മുത്തശ്ശി
ബോദം ഇല്ലാത്തെ
ഒരു മുറിയിൽ കിടക്കുകയായിരുന്നു.അവർ
മുത്തശ്ശിയെയും കൊണ്ട് മുകളിൾ
എത്തി.എല്ലാവരും ഈ വെള്ളപ്പൊക്കത്തിൽ
രക്ഷപ്പെട്ടത്തിന്റെ സന്തോഷത്തിലായിരുന്നു അവർ
പക്ഷേ തങ്ങളുടെ രണ്ട് വയസ്സുക്കാരൻ മകൻ
മരിച്ചത് അപ്പോൾ ആണ്
ആ കുടുംബം തിരിച്ചറിഞ്ഞത്. പിന്നിട് ആ
കുടുംബത്തിന്റെ നില-
വിളിയായിരുന്നു ആ മുറിയിൽ മൊത്തം.ഏങ്ങനെ
ബോദം വന്ന
മുത്തശ്ശി ഈ സങ്കടക്കരമായ വാർത്ത അറിഞ്ഞ്
കരഞ്ഞ് ബോദം നഷ്ടമായി. പിന്നിട്ട് ഏങ്ങനെ
എങ്കിലും രക്ഷപ്പെടുമോ?
എന്ന് തിരിഞ്ഞ് നടന്നു. അറിയുന്നവരെ എല്ലാം
അവർ ഫോ-

ണിൽ ബദ്ധപ്പെടും. ഏങ്ങനെ മൂന്ന് ദിവസം
അതിനിടയിൽ ഭക്ഷ-
ണമോ?കുടിക്കാൻ നല്ല വെളളോ?കിട്ടാതെ
തങ്ങളുടെ 2 വയസ്സുക്കാരൻ മകന്റെ ശവശരിരവും
ചേർത്ത് പിടിച്ച് ആ
കുടുംബം നിന്നു.അപ്പോഴ ശീക്ഷണവും അസുഖം
മൂലവും ആ
മുത്തശ്ശിയും മരണത്തിന് കീഴടങ്ങി.അങ്ങനെ തനിക്ക്
പ്രിയ
പ്പെട്ടവർ മരിക്കുന്നത് കണ്ട് മിനുക്കുട്ടിയുടെ
ബോദവും നഷ്ടപ്പെട്ടു.
കണ്ണ് തുറന്നപ്പോൾ അവർ ഒരു
ആശുപത്രിയിലായിരുന്നു. ഇതിനിടയിൽ അവളെ
വിഷമിപ്പിക്കന്ന മറ്റൊരു സംഭവം കൂടിനടന്നു.വെളളം
കൂടിയത് നോകോകാതെ താഴോട്ട് ഇറങ്ങിചെന്ന്
അവളുടെ അച്ഛൻ ഒഴുക്കിൽ പെട്ടു.അമ്മ കയറിയ
വെളളം മറിഞ്ഞു അവൾക്ക് അവളുടെ അമ്മയെയും
നഷ്ടപെട്ടു.
അങ്ങനെ ആ തോരാ മഴ അവൾക്ക് ഒരു തോരാ
ദുഃഖവും നൽകി

ആശുപത്രിയിൽ നിന്ന് മിനുവിനെ അവളുടെ അമ്മയുടെ വീട്ടി-
ലേക്ക് കൊണ്ടുപോയി.അവിടെയാണ് അവളുടെ അനിയനെയും
മുത്തശ്ശിയെയും,അമ്മയെയും അച്ഛനെയും സംസ്കരിച്ചത് മിനുക്കുട്ടിഈ ദുരിതപൂർണമായ ദിനങ്ങൾ കഴിഞ്ഞ് അവളുടെ വീട്ടിൽ ചെന്നപ്പോൾ തങ്ങളുടെ ഒരു കുടുംബഫോട്ടോ ഉണ്ണി ജനിച്ച ശേഷം എടുത്ത് ആണ് ആ ഫോട്ടോ അത് കണ്ട്
പൊട്ടിക്കരഞ്ഞു.അവളുടെ ആ കരച്ചിൽ ആ മുറിയിൽ മൊത്തം നിറഞ്ഞ് നിന്നു.ആ ഫോട്ടോയും കൈയിൽ എടുത്ത് അമ്മയുടെ സഹോദരന്റെ കൂടെ അവൾ ആ വീട്ടിൽ നിന്ന് ഇറങ്ങി.ഈ വീട് അവൾക്ക് ഒരുപാട് സന്തോഷം നൽകി അതുപൊലെ ദുഃഖം മുത്തശ്ശി മരണത്തി-ൽ ലേക്കിറങ്ങി പോക്കിബോഴും തന്റെ കൊച്ചുമകളുടെ കൈയിൽ പിടിച്ചാണ് കിടന്നിരുന്നത് .അവൾക്ക് ഒരു പാട് സപനങ്ങൾ ഉണ്ടായിരുന്നു.ആ സപനങ്ങൾ എല്ലാം ആ മഴ അവൾക്ക് നഷ്ട്പ്പെടുത്തി.അവൾക്ക് അവളുടെ അമ്മയെ നഷ്ട്പ്പെട്ട് ആ ദിവസം അവളുടെ

ജന്മദിനമായിരുന്നു അവർ ആ പിറന്നാളിന്റെ ഒരാഴച് മുബത്തന്നെ ആഘോഷങ്ങൾ
നടത്തുന്നതിനെക്കുറിച്ച് ആലോ-
ച്ചിചതാണ്.അതിന് വേണ്ടി എല്ലാവർക്കും അവർ പുതു വസത്ര-
ങ്ങൾ വാങ്ങിയതും ആയിരുന്നു.ആ സന്തോഷത്തിൽ തീരാത
ദുഃഖം നൽക്കിയാണ് മഴ. അവസാനിക്കത് അമ്മയുടെ സഹോദ
രന്റെ കൂടെ പോവുബോൾ അവൾ ഒരു സാധനം കൂടി കൈയിൽ
കരുതിയിരുന്നു. അവൾ അവളുടെ അനിയനും അമ്മയുടെ കൂടെ
പോയി വാങ്ങിയ കളിപ്പാട്ടം.അവൾക്ക് ഇനി അവരെ കുറിച്ച്
ഓർക്കാൻ ആ ഒരു ഫോട്ടോയും തന്റെ കളിച്ച് ഇരുന്ന ആ കളി
പ്പാട്ടവും മാത്രം ആണ് ഇനി ഉളളത്.അവൾ ആ വീട്ടിൽ നിന്നു
ഇറങ്ങി തീര ദുഃഖം വാങ്ങി.പക്ഷേ അവൾക്ക്

തണലായി അവളു-ടെ അമ്മാവൻ ഉണ്ട് പക്ഷേ അതുപോലും ഇല്ലാത്ത പലരെയും ഈ മഴ അതാതഥയുലേക്ക് തള്ളി ഇട്ട് ഉണ്ട്.എന്നറിഞ്ഞ മിനു തന്റെ ദുഃഖം മാറ്റിവെച്ച് അവരെ സഹായിക്കുന്നതിൽ തന്റെ അമ്മാവന്റെ കൂടെ അവളും നിന്നു.പക്ഷേ അവളുടെ ഉള്ളിൽ അവളുടെ ചേതനാ അറ്റ അനിയന്റെ മുഖം ഉണ്ട്.അവൾ ഫോട്ടോയിൽ നോക്കുബോൾ അവളുടെ കുടുംബം ഇപ്പോഴും അവളുടെ കൂടെ ഉണ്ട് എന്ന് അവൾക്ക് തോന്നും ആ വിശാസത്തിൽ അവൾ അവളുടെ സാപന്ങ്ങൾ വീണ്ടു കണ്ട്
തന്റെ അനാഥ ആക്കിയ ആ ദിനവും ഓർത്ത് തന്റെ കൂടെ ആ ദുരിത ദിവസം വരെ സന്തോഷത്തോടെ അവളെ കളിപ്പിച്ചിരു-
ന്നവരെ ഓർത്ത്.അവൾ അവളുടെ ജീവീതത്തിലേക്ക് മടങ്ങി.

കഥാരചന

പ്രളയം

പ്രളയം ഒരു വലിയ ഭീകരമായ സംഭവമാണ് എല്ലാവർക്കും ദുരിദമായ സംഭവമാണ് പ്രളയം പ്രളയത്തിൽ എല്ലാ വിടുകൾ തകർന്നിട്ടുണ്ട് എല്ലാകുട്ടികൾക്കും പഠിക്കാനുള്ള സംഭവങ്ങളും അത്യാവിശ്യമുള്ള സാധനങ്ങൾ മുഴുവനും തകർന്നിട്ടുണ്ട്. പ്രളയത്തിനിടയിൽ വീട്ടിൽ കുടുങ്ങികിടന്ന ഒരു ചെച്ചിയെ ഹെലികോപ്റ്ററിൽ രക്ഷിച്ചു ആ ചെച്ചി പിറ്റെ ദിവസം പ്രസവിച്ചു. ആ ചെച്ചി അങ്ങനെ കേരളത്തിലെ നാവിക സെനയായമാറി. പട്ടാമ്പിപാലത്തിനുമുകളിൽ വെള്ളം കയറി അപ്പോൾ അവിടെ ബസ്സുകൾ ഓടുന്നുണ്ടായിരുന്നില്ല വെറും കാൽനട മാത്രമായിരുന്നു അങ്ങനെ നിലമ്പൂരിൽ വെള്ളപ്പൊക്കം കാരണം റോട് ഇടിഞ്ഞുവീണു.എല്ലാ ഡാമുകളും തുറന്നു.മലമ്പുഴ,ഇടുക്കി, എന്നീഡാമുകളുടെ ഷട്ടറുകളും തുറന്നു.നായ,പശു,ആട്, കോഴി,അങ്ങനെ എലോ ജീവ്ഗങ്ങളും ചത്തൊടുങ്ങി. അതുമാതിരി കാളികാവിന്റെ പാലത്തിന്റെ മുകളിൽ വെള്ളം കയറി.എല്ലാ വീടുകളിലും,സ്ക്കൂളിലും

കയറിയിട്ടുണ്ട്.കുട്ടികൾക്ക് പഠിക്കാൻ പറ്റാത്തതിന് വിഷമമുണ്ടായിരുന്നിരു.എല്ലാ കിണറുകളും ഇടിഞ്ഞു-പോയി.എല്ലാ റോടുകളുമ ചാലായിമാറി.പുഴകളിലും,തോടുകളിലും,വെള്ളം ഒഴുകുകയായിരുന്നു.അമ്പലങ്ങളിലും വെള്ളം കയറി.ഷൊർണൂറിലും, പത്തണംതിട്ടയിലും റോടുകളിലും അങ്ങനെ പലയിചത്തെ റോടുകളിലും വെള്ളം കയറി.വെള്ളപ്പൊക്കത്തിൽ മരങ്ങളു,ചെടികളും എ്നിയെല്ലാം ഒലിച്ചുപോയിരിക്കുന്നു.എല്ലാവർക്കും വലിയ ദുരിതമാണ് സംദവിച്ചിരിക്കുന്നത്.ചില വീടുകൾ രാത്രി ആളുകൾ ഉറങ്ങുമ്പോൾ അവരുടെ മീതെ വീണിട്ടുണ്ട്.ടീവിയിലും പത്രത്തിലുമെല്ലാം പ്രളയത്തെ-ക്കുറിച്ച് നിറയെ വാർത്തകൾ വന്നിട്ടുണ്ട്.പ്രളയം എന്ന് കേട്ടാൽ ആളുകൾക്ക് ദയമാണ്. ദുരന്തസമയത്ത് ആളുകൾ സ്ക്രൂകളിലും മറ്റുമാണ് താമസിച്ചിരുന്നത്. കുറേ ദിവം ആളുകൾ അനിടെ ദക്ഷണമില്ലാതെ കഴിച്ചുക്രൂട്ടി.എന്നാൽ കുറച്ചുദിവസത്തിനകം രക്ഷാപ്രവർത്തകർ അവർക്കാവശ്യമായ ദക്ഷണവും,വെള്ളവും എത്തിച്ചുകൊടുത്തു.ആളുകളുടെ വയലുകൾ മുഴുവനും പോയിരിക്കുന്നു അങ്ങനെ എല്ലാനർക്കും നല്ല ബുദ്ധിമുട്ടുണ്ടായിരിക്കുന്നു. ചിലർ മണ്ണിന്റെ അടിയിൽ പെട്ടു മരിച്ചു.ഒരു കുടുംബത്തിലെ-ഏഴു പേരിൽനിന്ന് ഒരു കുട്ടി മാത്രമേ രക്ഷപ്പെട്ടുള്ളു. വീടിന്റെ മുകളിലേക്ക് മണ്ണിടിഞ്ഞുവീണ് ആളുകൾ മരിച്ചു.നരേന്ദ്രമോദി വീടുപോയവർക്ക് വീടുനൽകാമെ-

ന്നു
പറഞ്ഞു.ഒരമ്മയ്ക്ക്
തന്റെ കുട്ടി
മണ്ണിടിഞ്ഞിലിൽ
പെട്ടു
മരിച്ചു
.ഉരുൾപൊട്ടലിൽ
കുറേ വീടുകൾ
തകർന്നുപോയി.
ദുരന്ധത്തിൽ

പെട്ടിട്ടും അവരവരുടെ വീടുകൾ ഉപേക്ഷിക്കാൻ
തയ്യാറായില്ല .ഫയർ ഫൊഴ്സ് ഇടപെ-
ട്ടിട്ടാണ് അവരെ രക്ഷിച്ചത്.നമ്മെ രക്ഷിച്ച നമ്മുടെ
മത്സ്യതൊഴിലാളികൾക്ക് ഒരു ബിഗ്ഗ് സല്യൂട്ട്.

ഉപന്യാസം

പ്രളയം

2018 ലെ വലിയ
ദുരന്തമാണ് കഴിഞ്ഞ-
ത്. ഒരു കാലത്തും
കേരളത്തിൽ
ഇതുപോലൊരു മഴ
നമ്മൾ കണ്ടിട്ടില്ല.

നമ്മൾ പ്രകൃതിയോട് ചെയ്ത എല്ലാപ്രവർത്തികളും പ്രകൃതി നമുകക്കുത്തന്നെ തിരിച്ചുതന്നു. ഈ കലിമഴ കാരണം പാവപ്പെട്ടവരുടെ വിടും,സ്വത്തും,പണവും, സാധനങ്ങളും,വസ്ത്രങ്ങളും എല്ലാം വെള്ളത്തിൽ ഒലിച്ചുപോയി.നമ്മൾ ദൈവത്തിൻ സ്വന്തം നാടായ കേരളത്തെ ഓരോ ദുഷ്ട്ടപ്രവർത്തികൾ ചെയുന്ന കാരണം സഹിക്കാൻ പറ്റാതെ പ്രകൃതി തന്ന തിരിച്ചടിയാണ് പ്രളയം.പ്രളയം കാരണം കുട്ടികളുടെ പഠനപുസ്തകങ്ങൾ വരെ ഒലിച്ചുപോയി.നമ്മളെ രക്ഷിക്കുവാൻ കേന്ദ്രത്തിൽ നിന്ന് കുറേ രക്ഷാപ്രവർ-ത്തകർ വളരെ പരിശ്രമിച് പുറേപേരെ രക്ഷിക്കുന്നത് നല്ല കാര്യമായിരുന്നു. അവർക്ക് വെണ്ടി ഒരു ബിഗ് സല്യൂട്ട്.നമ്മുടെ

ജനങ്ങൾക്കുവേണ്ടി പല സംസ്ഥനങ്ങളിൽനിന്നും അവർക്ക് കഴിയുന്നവിതം

സാധനങ്ങൾ തന്ന് അവർ കേരളത്തെ
തിരിച്ചുകോ-
ണ്ടുവരാൻ പരിശ്രമിച്ചു വയനാട്ടിൽ നടന്ന ഉരുൾ-
പോട്ടൽ കാരണം കുറെ പേർ മരണപെട്ടു.പ്രളയം
വരാൻ ഒരു മുക്യമായ കാരണം കാടുകളും മരങ്ങളും
വെട്ടിനശിപ്പിച്ചതുകൊണ്ടാണ്.മഴ വന്ന് വെള്ളം
മണ്ണിലേക്ക് പോകാനനുവദിക്കാതെ എല്ലാവിടേയും
സിമിന്റും ,ഗ്രാനൈറ്റും കൊണ്ട് വീട്ടുമുറ്റം
മൂടിവെച്ച-
ആളുകളുടെ വീട്ടിനുള്ളിൽ പാമ്പും മണ്ണും നിറഞ്ഞു
അവസ്ഥയായിരുന്ന മഴ കഴിഞ്ഞുവന്ന ആളുകൾ
കണ്ടത് കുറേ പേർ വീടുകൾ പോയി
ക്യാമ്പുകളിലാണ്
താമസിച്ചത്.ഏകദേശം ഒരു ലക്ഷത്തിലതികം
ക്യമ്പുകൾ തുറന്നു.അവിടെ ഇരിക്കുന്ന ആളുകൾക്ക്
ദക്ഷണം പോലും എത്തിക്കാൻപറ്റാത്ത
അവസ്ഥയായിരുന്നു.അപ്പോഴാണ് നമ്മുടെ
രക്ഷാപ്രവർത്തകർ ഒരു പൂർണ ഗർഭിണിയെ
സുരക്ഷകവചങ്ങൾ കൊടുത്ത്
ഹെലികോപ്ടറിൽക-
യറ്റി ക്രത്യ സമയത്തെത്തിയകാരണം
പ്രസവിക്കുക-യും ചെയ്തു.രക്ഷാപ്രവർത്തകരുടെ
ജീവൻ പണയം-

വെയ്ക്കാണ് കേരളത്തിലെ ജനങ്ങളെ അവർ രക്ഷിത്. നമ്മുടെ പ്രധാനമന്ത്രി നരേന്ദ്രമോദി കേരളത്തിലെ അവസ്ഥകണ്ട് കുറേ പേർക്ക് പണംകൊടുത്തു. ഒരു വലിയ ദുരന്തം കഴിഞ്ഞ് നമ്മുടെ കേരളം പുനർമാണം ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ കേരളത്തെ രക്ഷിച്ച രക്ഷാപ്രവർത്തകർക്കും, മത്സ്യതൊഴിലാളികൾക്കും, ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് സാധനങ്ങൾ തന്ന എല്ലാവർക്കും,കേരളത്തിൻ മുഖ്യമന്ത്രി പിണറായി വിജയനും ഒരു ബിഗ് സല്യൂട്ട്.

കഥാരചന HS

വിഷയം : പ്രളയം

ഞാൻ
രജനി, ജീവിതത്തിൽ
ഒരു പാട് ദുഃഖങ്ങൾ
അനുഭവിച്ചെങ്കലും
എന്റെ സുഹൃത്തായ
വിജിത അനുഭവിച്ചതിൽവച്ച്

കൂടുതലൊന്നും അല്ല ഞാൻ അനുഭവിച്ചത്.

1. 1924-ൽ വന്ന "പ്രളയം"ഇന്നിതാ വീണ്ടും ആവർത്തിച്ചിരിക്കുന്നു .വിജിത അവൾ വളരെ പാവമായിരുന്നു. അവരുടെ വീട്ടിൽ അവളും അവളുടെ കുട്ടികളും അമ്മയും മാത്രമേ ഉണ്ടായിരുന്നുള്ളു. ഭർത്താവ് ഉപേക്ഷിച്ചത്താണ്. വിധി അവളെ പലപോഴും തോൽപ്പിക്കാൻ ശ്രമിച്ചെങ്കിലും വിധിയെവെല്ലി ജിവിതത്തിൽ ദുഃഖം വേട്ടയാടിയെങ്കിലും പുറഞ്ഞു ചിരിച്ചും

ദൈവങ്ങളെ പിൻതുണച്ചും നാളുകൾ തള്ളിനീക്കിയ അവളെ വിധികൊണ്ടെത്തിച്ചത് വലിയ ആപത്തിലെക്കായിരുന്നു. ചാർലിൻ ചാപ്ലിൻ പറഞ്ഞ തുപോലെ, “എനിക്ക് മഴയത്തുനനയാൻ വളരെ ഇഷ്ട്മാണ് കാരമം എന്റെ കണ്ണുനിർ ആരുകാണില്ലല്ലോ? ഈ വാക്കുകളിലെ പറക്കമുറ്റാത്ത കുഞ്ഞുങ്ങളെയും പോറ്റി ആ ചെറിയ കുടിലിൽ അവൾക്കഴിഞ്ഞു. കേവലം ഷീറ്റു കൊണ്ടു മറച്ച ആവീട്ടിൽ അടുപ്പ് എന്നും എരിയണം എന്നാണ് അവളുടെ വലിയ പ്രാർത്ഥന. "പ്രളയം" എന്ന ആ വലിയ ദുരന്തം മനുഷ്യന്റെ

ആർത്തിക്കും,അലങ്കാരത്തിനും കിടിയ ഒരു വലിയ തിരിച്ചടിയാണ് "പ്രളയം"നാടുവിഴുങ്ങിയപ്പോൾ വിജിതയെയും ആ കുഞ്ഞുകുടുംബങ്ങൾ ക്വാബിലെത്തിയത് അവൾകൺു. മനുഷ്യന്റെ ആർത്തി കുറഞ്ഞ ആ "പ്രളയം" കാലം മനുഷ്യന് വലിയപാഠമായിരുന്നു .രക്ഷാപ്രവർത്തങ്ങൾ സജീവമായി നടക്കുന്ന ആ കാലം പലർക്കും അതായത് രക്ഷിക്കുന്ന പലർക്കും രാവിലത്തെ ആഹാരം എന്നത് തേവലം ബിസ്ക്കറ്റായിരുന്നു.

ക്വാബിലെ ആ

ഒത്തൊരുമയും പങ്കുവെയ്ക്കലും
കഴിഞ്ഞ് വിജിത അവളുടെ
വീട്ടിലെത്തുന്നു പ്രദേശത്തെ എല്ലാ
വീടുകളുടെ തകർച്ചകൽ അവൾ
വീണ്ടും ക്വാബിലേക്ക് തിരിച്ചു . കുരെ
ആഴ്ച്ചകൾ അവളും അവളുടെ
കുടുംബവും അവടെ കഴിഞ്ഞു
അവിടെ വന്ന ആളുകളോട് അവർ
ആവശ്യപ്പെട്ടു തനിക്കും തന്റെ
കുഞ്ഞുങ്ങൾക്കം അമ്മയ്ക്കും
ജീവിക്കാൻ ഒരു വീടുവേണമെന്ന്
പലരുടെയും ചില ആവിശങ്ങളും
നടകുന്നതിനോടൊപ്പം അവളുടെ ആ
കുഞ്ഞ് വിട് എന്ന സ്വപ്നവും നിറവേറി.
"പ്രളയം"അത് എത്ര
വലുതാണെക്കിലും സ്നേഹത്തിന്

മുന്നിൽ അത് ഒന്നും അല്ലെന്ന് നാം
തെളിയ്യിച്ചിരിക്കുന്നു. ഇതു
കൊണ്ടാണ് നാം കേരളത്തെ
"ഫിനിക്ക്സ് കേരളം" എന്ന്
വിശേഷിപ്പിക്കുന്നത് . വിജിത അവളുടെ
കൈകളിൽ പണമില്ലാത്തതു കൊണ്ട
അവൾ ദുഃഖിച്ചിരുന്നില്ല
അന്നന്നാളത്തെ ഭക്ഷണം തന്റെ
അമ്മയ്ക്കും കുഞ്ഞിനും
കഴിയണമെന്നാണ്
അവളുടെ ഇന്നത്തെയും പ്രർത്ഥന.
നമ്മൾ ഇനി ഒരു "പ്രളയത്തിനുകൂടി
വഴിതെളിക്കാതെ മുഖ്യമന്ത്രിയുടെ
എന്റെ മരം

എന്ന പദ്ധതി പിൻതുണച്ചുകൊണ്ട്

എങ്ങും ഹരിത കേരളം അകട്ടേ....."

കഥാരചന

UP

വിഷയം : പ്രളയം

ഒരു ദിവസം ഭൂമിയിൽ

കടുത്ത

മഴയുടായിരുന്നു

ആ മഴയിൽ

ധാരാളം മനുഷ്യർ

മരിച്ചുപോയി

അതുപോലെ ആയിരം

വർഷങ്ങൾകു മുബ് ഒരു

വ്യന്ദനം ഗ്രമത്തിൽ ശ്രീ
ക്യഷ്ണൻ ഉണ്ടായിരുന്നു
അപ്പോൾ
മനുഷ്യർ നല്ലവർആയിരുന്നു
പണ്ട് ഒരു അസുരൽ ശ്രീ
ക്യഷ്ണനെ വധിക്കാനായി
ശ്രമിച്ചുകയുണ്ടായിരുന്നു
പക്ഷെ അവർക്കു
വധക്കനായില്ല അന്ന് പ്രളയം
മുണ്ടായി ഇന്ന് അകയാപ്രക്ഷ
അന്ന് ഇന്നെത്തെ പോലയാല്ല
മഹദും തംസദവിക്കുയാണ്

എല്ലാവരും മനുഷ്യന്റെ അഹകാരത്തിനാണ് ശ്രീ കൃഷ്ണൻ ഇങ്ങനെ ചെയ്യുന്നത് അതിനുശോഷം ശ്രീ കൃഷ്ണൻ പോക്കും

എന്നാണ് വിഷേശം ഒരു സ്രമത്തില്ലെ വെള്ള ബേണ അകർഹണം ദൈവം അവർക്കു വേണ്ടിയാണത്ര ഈ മഴ യുണാക്കിയത് പക്കെ ഈ

വർഷത്തെ ഓണം
ഇല്ലായിരുനു അതുകൊണ്ട്
ഇനി മനുഷ്യരുടെ അർത്തി
കുറയും എന്ന് ദൈവം
വിശോസിച്ചിട്ടുണ്ടാവും.
മനുഷ്യന്റെ ആർത്തി കാരണം
എത്ര ജീവൻ നഷ്ടപേട്ടിട്ടുടാവും
അവറക്കുവേണ്ടി ദൈവം
പുന്നാർ ജഞ്ഞമം കെടുക്കാൻ
പ്രർത്തിക്കാം....

പ്രളയം

ഈ വർഷം നമ്മൾ
അനുഭവിച്ച ഈ പ്രകൃതി
ദുരന്തം
ഒരുപാട്

ദുരന്തങ്ങളും പിന്നെ
മരണങ്ങളും വരെ
ഉണ്ടായി.നിറയെ നെൽ
കൃഷികൾ,നിറയെ
വാഴകൃഷികൾ അങ്ങനെ

ഒരുപാട് പേർക്ക് വീടുകർ
നഷ്ട്ടപ്പെട്ടു പിന്നെ
ഒരുപാട്ട്പേ മരിച്ചു. ഇപ്പോഴും
ചില ആളുകൾ
ദുരിതാശ്വാസ ക്യാമ്പിൽ
കഴിയുന്നുണ്ട്. ഒരുപാട്
പേർക്ക് വീടുകൾ
നഷ്ടപ്പെട്ടതിനാൽ അവർ
എല്ലാവരും ദുരിതാശ്വാസ
ക്യാമ്പിൽ കഴിയുന്നു.
അങ്ങനെ ഒരു

വലിയദുരിതമാണ് കേരളം
അനുഭവിച്ചത്. കേരളത്തെ
വീണ്ടെടുക്കാൻ വേണ്ടി
പ്രവർത്തിച്ച കൂടുതൽ പേർ
ഉണ്ട് സ്വന്തം ജീവൻ പോലും
ഉപേക്ഷിച്ച്. കേരളത്തെ
വാണ്ടടുക്കാൻ അവർ
നന്നായി കഷ്ടപ്പെട്ടു
സൈനികർ ഓരോ
രാജ്യങ്ങളിൽ നിന്ന് വന്നിട്ട്
അവർ കേരളത്തിനു വേണ്ടി

കഠിന പ്രയത്നം ചെയ്തു.
പിന്നെ
മത്സ്യതൊഴിലാളികൾ
അവർ അങ്ങയറ്റം
ഭുതിമുട്ടുകൾ നേരിട്ടു.
അങ്ങനെ എന്തെല്ലാം
അനുഭവങ്ങൾ നമ്മുടെ
കേരളം അനുഭവിച്ചു.
നമ്മുടെ പാലക്കാട്
ജില്ലയിൽ മാത്രമാണ്
അതികം ദുരിതം

അനുഭവിക്കാതിരുന്നത്.
പാലക്കാട്ടിലെ എല്ല
ആളുകളും പറഞ്ഞു നമ്മുടെ
നാട്ടിനൊന്നും
നരില്ലായെന്ന്. നമ്മുടെ
പാലക്കാട്ടിലെ ചില
ഭാഗങ്ങളിൽ കുറയെ പേർക്ക്
വീടുകൾ നഷ്ട്ടപ്പെട്ടു. വെള്ളം
വീട്ടിനകത്തുകയറി.പിന്നെ
കുറയെ ഹോസ്പ്പിറ്റലുകൾ
അവിടെയും വെള്ഴം കയറി.

അങ്ങനെ പാലക്കാട്ടിലെ ചില ഭാഗത്തുമാത്രമാണ് അത്ര ദുരന്തം അനുഭവിക്കാതിരുന്നത് ആളുകൾ.

മലയാള ചെറുകഥ
'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, അമ്പാടി നാരായണപ്പതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം
പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ

തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കൂൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ

ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികത
ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

ഉത്തരാധുനികത

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

പ്രളയം

നമ്മുടെ പെറ്റമ്മയാം കേരളഭൂമിയെ,
ഇഞ്ചിഞ്ചായ് കൊന്നു മനുഷ്യർ
കളകളമാം ഒഴുകും നദിയും,പച്ചപ്പുവിരിച്ച
പയലുകളും
മലരണികാടുകളും
,സുന്ദരമാം
താഴ്വരകളും
കേരള നാട്ടിൽ
പിറന്നനാം ഭാഗ്യവർ!

സുന്ദരമാം കുന്നുകളെ,
നകത്തീമനുഷ്യർ
ക്രൂരനാം മനുഷ്യർ കൊന്നൂ
പ്രപഞ്ചത്തെ,
എന്തുസുന്ദരമാമി പ്രപഞ്ചം
അഗ്നി
വിഴുങ്ങിയതുപോലെ,പ്രളയത്തിൽ
മുങ്ങി പ്രപഞ്ചം.

കളകളാഒഴുകുന്ന അരുവികളിൽ മാലിന്യം,
പച്ചപ്പുനിറഞ്ഞ വയലുകൾ വിദൂരമായ്
ഇനിയെങ്കിലും നാം
കാണുമോ ഈ
പ്രപഞ്ചവും അതിൻ
സൗന്ദര്യവും.

കേരളമാകെ
പ്രളയത്തിനടിയിലാണ്
ഒപ്പം വിങ്ങിപ്പൊട്ടുന്ന ഹൃദയങ്ങളും
കണ്ണിലെ
കണ്ണുനീർ
മഴയായ്

പെയ്തിറങ്ങീടുമിയിൽ
നൊന്തു കഴിയുന്ന അനേകം
മനുഷ്യരും

പ്രകൃതിയും അതിൻ സൗന്ദര്യവും കാണാൻ
ഭാഗ്യമുണ്ടാവോ വരും തലമുറക്ക്
മനുഷ്യന്റെ ക്രൂര പ്രവർത്തികൾ കാരണം
പ്രകൃതിക്കു ക്ഷോഭമായ് എത്തീ പ്രളയം

വെള്ളവും,വെള്ളപ്പാച്ചിലും കാരണം

ചോരപ്പുഴയായ് മാറി കേരളം.....
നമ്മുടെ സ്വന്തം അമ്മയാം ഭൂമിയേ,
കൊന്നു, താഴ്ത്തീ മനുഷ്യർ.

പ്രളയം

പ്രളയം തകർത്തെറിഞ്ഞ പല ജീവിതങ്ങളോ
തോരാ കണ്ണീരൊഴുക്കുന്നവരോ അവർ
ആത്മഹത്യയൊരുപായമായ് കാണുന്നു
സങ്കടത്തിൽ മുങ്ങിത്താഴ്ന്നവരോ- ദുരിതപാത്രമായ്
തീരുന്നുവോ

നാശനഷ്ടത്തിന് പരിഹാരമായ് പണം-
നൽകാമെന്നും

പറഞ്ഞിരിന്നു,ഇതിലൊന്നിനും സങ്കടം മാറ്റാൻ
കഴിയില്ലെന്ന് നാട്ടുകാർ പറഞ്ഞു കഴിഞ്ഞു.
പാവങ്ങൾ വാദത്തിലൂടെ ജയിക്കുവാൻ
കഴിയില്ലായെന്നും

വീടും കൂടിയും ഉടുതുണിയും നാഷനഷ്ടത്തിന്
വിധയരായില്ലേ, നമ്മളൊ സുഖബോദങ്ങളിൽ
മതിമറന്ന് വിഷമം കാണാതെയിരിക്കുന്നവല്ലോ
പാവം കർഷകർക്ക് അവർക്കേറ്റവും പ്രയപ്പെട്ട
കൃഷിയോ അതോതന്റെ ഓലപ്പുര വീട്
തകർത്തെറിഞ്ഞ വെള്ളത്തോട് ദേഷ്യമോ

ദുരന്തം കാൽകീഴിൽ വന്നപ്പോൾ ചിലർ
പ്രണനേ എന്നും കരഞ്ഞു വിളിച്ചുകൊണ്ട്
ഓടിയകന്നുപ്പോയ് ദൂരെയുള്ളവിടേക്കൊ
മരണമിപ്പോഴോ ഒന്നോ രണ്ടോ അതൊ
ലക്ഷങ്ങളോഅല്ലാ കോടിക്കണക്കിന് സംഭവിച്ചു
അവർക്ക് ദുരിദാശ്വാസക്യാമ്പുകൾതന്നെ- ആശ്രയമാണ്
പനിഭാതിച്ചും മരണപ്പുറപ്പെടുവിപ്പ്

വിരിപ്പായയില്ലാതെ, പാഠപുസ്തകങ്ങളില്ലാതെ യൊക്കെയും

മഴവെള്ള പാച്ചിലിൽ ഒലിച്ചുപോയി ഇപ്പോഴും,
മരണത്തിൻ വകിൽ കിടക്കുന്നവരുടെ ഭയമോ
അതിതീവ്ര കഷ്ടം ഭക്ഷണം പോലെ കിട്ടുവാതെ
മരിക്കുന്നവരോ അതിതീവ്ര കഷ്ടത്തിൻ കഷ്ടം.